തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

സംഗ്രഹം

ശബരിമല ഓൺലൈൻ അക്കോമഡേഷൻ മുറികളുടെ എണ്ണം 400 ആയി വർദ്ധിപ്പിക്കുന്നതിനും തുടർനടപടികൾക്കായി ഉദ്യോഗസ്ഥർക്ക് ചുമതല നൽകുന്നതിനും അനുമതി ലഭ്യമാക്കുന്നത് സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

ആർഒസി 04/2026/ശബ — തിരുവനന്തപുരം, തീയതി 05.10.2026

പരാമർശം:- **ദേവസ്വം കമ്മീഷണറുടെ 03.10.2026-ലെ ആർ.ഒ.സി.16765/16/സി.ഐ.ററി നമ്പർ റിപ്പോർട്ട്.**

ശബരിമലയിലെ ഓണലൈൻ അക്കോമഡേഷൻ സൗകര്യം പൊതുജനങ്ങൾക്കായി വിപുലീകരിക്കുന്നതിന്റെ ഭാഗമായി, നിലവിലുള്ള 199 മുറികൾക്ക് പുറമെ 201 മുറികൾ കൂടി ഉൾപ്പെടുത്തി ആകെ 400 മുറികളാക്കി ഓൺലൈൻ ബുക്കിംഗ് എണ്ണം ഉയർത്തേണ്ടതുണ്ടെന്നും ആയതിന്റെ തുടർച്ചയായി, ശബരി ഗസ്റ്റ്ഹൗസിലുള്ള 10 മുറികളും മറ്റ് ബിൽഡിംഗുകളിൽ നിന്നുള്ള മുറികളും ഉൾപ്പെടുത്തി മുറികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ അനുമതി ഉണ്ടാകണമെന്നും വിവരിക്കുന്ന ദേവസ്വം കമ്മീഷണറുടെ റിപ്പോർട്ടിൽ വിവരിക്കുന്നു (പരാമർശം).

മേൽ വിഷയവുമായി ബന്ധപ്പെട്ട് 05.10.2026-ൽ കൂടിയ ബോർഡ് യോഗത്തിൽ ചുവടെ വിവരിക്കുന്ന തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് ബോർഡുത്തരവാകുന്നു.

ഉത്തരവ്

1. ചുവടെ വിവരിക്കുന്ന ലിസ്റ്റ് പ്രകാരം മുറികളുടെ എണ്ണം 400 ആയി വർദ്ധിപ്പിക്കുന്നതിന് അനുമതി നൽകുന്നു.
2. ആയത് ഓൺലൈൻ സംവിധാനത്തിൽ നടപ്പിലാക്കുന്നതിന് ആവശ്യമായ സാങ്കേതിക നടപടികൾ സ്വീകരിക്കുന്നതിനായി ഐ.ടി ഡിവിഷൻ പ്രോജക്ട് എഞ്ചിനീയറെ ചുമതലപ്പെടുത്തുന്നു.
3. പുതുതായി ഉൾപ്പെടുത്തേണ്ട മുറികളുടെ ലിസ്റ്റ് അടിയന്തിരത്തിൽ നൽകുന്നതിനായി ശബരിമല എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തുന്നു.
4. തുലാം മാസപൂജയ്ക്ക് മുന്നോടിയായി ടി മുറികളുടെ അറകുറപ്പണികൾ പൂർത്തിയാക്കുന്നതിനായി ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിന് വേണ്ടി,

(ഒപ്പ്)

സെക്രട്ടറി

05/10/26

വിവരമറിവാനും വേണ്ടുന്ന മേൽ നടപടി സ്വീകരിക്കുന്നതിനുമായി പകർപ്പ്:-

1) ദേവസ്വം കമ്മീഷണർ
2) ചീഫ് എഞ്ചിനീയർ
3) എക്സിക്യൂട്ടീവ് ആഫീസർ, ശബരിമല
4) പ്രോജക്ട് എഞ്ചിനീയർ, ഐ.ടി ഡിവിഷൻ
5) സെക്ഷൻ ഫയൽ
6) ഷെയർ ഓഫീസ് കോപ്പി

അംഗീകാരത്തോടെ

അസിസ്റ്റന്റ് സെക്രട്ടറി
ശബരിമല സെൽ

Guest House	No. Current online rooms	No. of new rooms to be added Online	Total
SABARI GUEST HOUSE	0	10	10
PRANAVAM(PC-1)	25	0	25
SAHYADRI(PC-2)	47	56	103
KAILAS(PC-3)	56	60	116
PALAZHY(DH-1)	5	13	18
SOPANAM(DH-2)	5	9	14
SREE MANIKANDAN (DH-3)	12	7	19
CHINMUDRA(DH-4)	24	0	24
SIVA SAKTHI(DH-5)	5	10	15
TEJASWINI(DH-6)	8	14	22
SREE MATHA(DH-7)	10	9	19
MOC	2	13	15
TOTAL	**199**	**201**	**400**

Devaswom Commissioner